# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u>
<u>ചോദ്യം നം. 531</u>

<u>**29.01.2019 ൽ മറുപടിക്ക്**</u>

<u>ആലപ്പാട് കരിമണൽ ഖനനം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) ആലപ്പാട് കരിമണൽ ഖനനവുമായി ബന്ധപ്പെട്ടുള്ള മാധ്യമ ആക്ഷേപങ്ങൾക്ക് എന്ത് അടിസ്ഥാനമാണുള്ളത് എന്നറിയിക്കാമോ ;<br><br>(ബി) ഇത് നടന്നുകൊണ്ടിരിക്കുന്ന ഒരു പദ്ധതിയല്ലേ എന്നത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്താമോ; | (എ) & (ബി) ആലപ്പാട് തീരപ്രദേശത്തു 50 വർഷത്തോളമായി കരിമണൽ ഖനനം നടക്കുന്നുണ്ട്. കടലാക്രമണവും, സുനാമിയും മൂലം ഇവിടെ തീരപ്രദേശം നഷ്ടപ്പെടാനിടയായിട്ടുണ്ട്. കൂടാതെ, ഖനന പ്രവർത്തനം മൂലവും തീരശോഷണം ഉണ്ടായിട്ടുണ്ട്. ഖനനം സംബന്ധിച്ച് ആലപ്പാട്ടെ ജനങ്ങൾ ഉന്നയിച്ചിട്ടുള്ള ആക്ഷേപങ്ങൾ പരിശോധിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിന്റെയും ഭാഗമായി ബഹു. മുഖ്യമന്ത്രി ജനപ്രതിനിധികളുടെയും, ഉന്നത ഉദ്യോഗസ്ഥരുടെയും, കമ്പനി അധികൃതരുടെയും ഒരു യോഗം 16.01.2019-ന് വിളിച്ചുചേർത്ത് വിഷയം ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത യോഗതീരുമാന പ്രകാരം ആലപ്പാട് പ്രദേശത്തെ കരിമണൽ ഖനനം മൂലം ഉണ്ടായിട്ടുള്ള തീരശോഷണം, ശാസ്ത്രീയമായി എങ്ങനെ കരിമണൽ ഖനനം നടത്താം എന്നീ വിഷയങ്ങളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ പരിശോധിച്ച് പഠനം നടത്തി പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) ഇതുമായി ബന്ധപ്പെട്ട വിശദ പഠന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; | (സി) അശാസ്ത്രീയമായ ഖനനം പാടില്ല എന്നാണ് പഠനങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളത്. കരിമണൽ നീക്കം ചെയ്ത ശേഷം ഉണ്ടാകുന്ന കുഴികൾ, ധാതുക്കൾ വേർതിരിച്ച ശേഷം ലഭിക്കുന്ന മണലുപയോഗിച്ച് നികത്തുന്നത് വഴി തീരപ്രദേശം നഷ്ടപ്പെടാതിരിക്കുന്നതിനു സഹായിക്കും എന്നാണ് പഠനങ്ങളിൽ കാണുന്നത്. |
| (ഡി) പ്രസ്തുത ഖനനവുമായി ബന്ധപ്പെട്ട നിലപാട് വിശദമാക്കുമോ? | (ഡി) മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജനങ്ങളുടെ ജീവനും സ്വത്തിനും തൊഴിലവസരങ്ങൾക്കും ഹാനി വരാത്ത |

രീതിയിൽ ശാസ്ത്രീയമായിട്ടാണ് കരിമണൽ ഖനനം നടക്കുന്നത് എന്ന് ഉറപ്പു വരുത്തുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്.

**സെക്ഷൻ ഓഫീസർ**